# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 926** **05.02.2020 ലെ മറുപടി**

## മാടായി, മാട്ടൂർ പഞ്ചായത്തുകളിലെ കടൽ ഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂർ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി-മാട്ടൂൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന നീരൊഴുക്കുംചാലിൽ ആകെ 192 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്ന പ്രവൃത്തി 2019-20 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ സൗത്തിൽ കടലാക്രമണം രൂക്ഷമായ സി. പി സ്റ്റോൺ 2359-ന് സമീപം റബ്ബിൾ മൗണ്ട് സ്ട്രക്ചറിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം തടയുന്നതിന് 16 കോടി രൂപയുടെ പ്രവൃത്തിക്ക് 31/12/2019-ലെ G.O.(Rt)992/2019/WRD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താഴെ പറയുന്ന റീച്ചുകളിലുള്ള കടൽഭിത്തി പുനരുദ്ധാരണമാണ് ഉദ്ദേശിക്കുന്നത്.<br>1. മാട്ടൂൽ സൗത്തിൽ സി.പി സ്റ്റോൺ 2359 ന്റെ തെക്കുഭാഗം<br>2. മാട്ടൂൽ സെൻട്രലിൽ സി.പി സ്റ്റോൺ 2374 നും 2377 നും ഇടയ്ക്ക്<br>3. മാട്ടൂൽ സെൻട്രലിൽ സി.പി സ്റ്റോൺ 2376 നും 2378 നും ഇടയ്ക്ക്<br>4. വാവുവളപ്പിൽ തോട് - സി.പി സ്റ്റോൺ 2386 നും 2389 നും ഇടയ്ക്ക്<br>5. കക്കാടൻചാൽ - സി.പി സ്റ്റോൺ |

2389 നം 2392 നം ഇടയ്ക്ക്

6. നീരൊഴുക്കംചാൽ -1 - സി.പി സ്റ്റോൺ 2392 നം 2395 നം ഇടയ്ക്ക്

7. നീരൊഴുക്കംചാൽ -2 - സി.പി സ്റ്റോൺ 2396 നം 2398 നം ഇടയ്ക്ക്

8. പുതിയങ്ങാടി - സി.പി സ്റ്റോൺ 2397 നം 2402 നം ഇടയ്ക്ക്.

**സെക്ഷൻ ഓഫീസർ**